## പാഠം 11

## (സമൂഹം)

# ലോത്ത് ആദ്യം തിരഞ്ഞെടുക്കുന്നു

*വേദഭാഗം: ഉല്പത്തി 13. Patriarchs and prophets pp. 132,133.*

*മനഃപാഠവാക്യം: "എനിക്കും നിനക്കും പിണക്കം ഉണ്ടാകരുതേ" (ഉല്പ. 13:8)*

**സന്ദേശം**

"ദൈവത്തിന്റെ ജനങ്ങൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു"

***നിങ്ങൾ മറ്റുള്ളവരുമായി കളിക്കുമ്പോൾ നിങ്ങൾ പങ്കുവെയ്ക്കാറുണ്ടോ? നിങ്ങൾ അവർക്ക് ആദ്യ തിരഞ്ഞെ ടുപ്പിനുള്ള അവസരം കൊടുക്ക റുണ്ടോ? അബ്രാം അങ്ങനെ ചെയ്തു. അവൻ ലോത്തിനെ ആദ്യം തിരഞ്ഞെടുക്കാൻ അനുവ ച്ചു.***



ദൂരത്തായി ഉച്ചത്തിലുള്ള ദേഷ്യവാക്കുകൾ അബ്രാം കേട്ടു അവൻ അവന്റെ ഭാര്യ സാറായിനെ നോക്കി. "അത് ആ ആട്ടിടയന്മ രായിരിക്കും" സങ്കടത്തോടെ അവൻ പറഞ്ഞു. "അവർ വീണ്ടു വഴക്കുണ്ടാക്കുകയാണ്." അബ്രാ ആ നല്ല വെയിലിലേക്ക് ഇറങ്ങ

“ഓ, യജമാനൻ അബ്രാമേ! യജമാനൻ അബ്രാമേ!” അവന്റെ അടുത്തേക്ക് ഓടിയപ്പോൾ നിരവധി ആട്ടിടയന്മാർ ഉറക്കെ പറഞ്ഞു. “ഇപ്പോൾ എന്താണ് പ്രശ്നം? അബ്രാം ചോദിച്ചു “ഓ, യജമാനനെ,” ഒരു ആട്ടിടയൻ തുടങ്ങി, “ഞങ്ങൾ ഇന്നു രാവിലെ നിന്റെ ആട്ടിൻകൂട്ടങ്ങളെ തെളിച്ചുകൊണ്ട് പോകുകയായിരുന്നു. എന്നാൽ നിന്റെ അനന്തിരവൻ ലോത്തിന്റെ വേലക്കാർ, ഞങ്ങളെ എല്ലായിടവും പിന്തുടർന്നു. ഓരോ പ്രാവശ്യം ഞങ്ങൾ ആടുകൾക്ക് മേയാൻ ഒരു നല്ല ഇടം കണ്ടെത്തിയപ്പോൾ, അവർ ഞങ്ങൾക്കും ആടുകൾക്കും നേരെ കല്ലുകളും കമ്പുകളും എറിഞ്ഞു.”

അബ്രാം അവന്റെ കണ്ണുകൾ അടച്ചു. ആ പ്രശ്നം അങ്ങനെതന്നെ അങ്ങ് തീർന്നിരുന്നെങ്കിൽ എന്നവൻ ആഗ്രഹിച്ചു. എന്നാൽ അങ്ങനെ സംഭവിക്കില്ലെന്ന് അവനറിയാമായിരുന്നു. അവനും ലോത്തും അപ്പോൾ വലിയ ആട്ടിൻകൂട്ടങ്ങളും ചെമ്മരിയാട്ടിൻ കൂട്ടങ്ങളുമുള്ള വളരെ വലിയ ധനവാന്മാരായിരുന്നു. അവരുടെ വേലക്കാർ പുൽമേടുകളെയും വെള്ളക്കുഴികളെയും സംബന്ധിച്ച് നാളുകളായി വാദപ്രതിവാദത്തിലായിരുന്നു. ഈ തർക്കം അവസാനിക്കേണ്ടിയിരുന്നു. “ഞാൻ അത് ശരിയാക്കിക്കൊള്ളാം” അബ്രാം അവന്റെ വേലക്കാരോട് പറഞ്ഞു. താമസിയാതെ അവൻ ലോത്തിന്റെ കൂടാരത്തിനു മുമ്പിൽ നിൽക്കുകയായിരുന്നു.

“അമ്മാവാ” അബ്രാമിനെ കണ്ടപ്പോൾ ലോത്ത് ആശ്ചര്യപ്പെട്ടു. “നിന്നെ കണ്ടതിൽ സന്തോഷം” ഈ മദ്ധ്യാഹ്നത്തിൽ എന്താണ് നിന്നെ എന്റെ കൂടാരത്തിനു മുമ്പിൽ കൊണ്ടുവന്നത്?” “വരൂ എന്നോടൊപ്പം നടക്കൂ” അബ്രാം പ്രതിവചിച്ചു. “എനിക്ക് നിന്നോട് ഒരു കാര്യം കാണിക്കണം.”

ആ രണ്ടു പുരുഷന്മാരും ഒരു ചെറിയ കുന്ന് കയറി. അവിടെനിന്ന് അവർക്ക് മുമ്പിൽ പരന്നുകിടക്കുന്ന താഴ്വര മുഴുവൻ അവർക്ക് കാണാമായിരുന്നു.” “ലോത്തേ, നമ്മുടെ വേലക്കാർ മേച്ചിൽപ്പുറങ്ങളെയും വെള്ളത്തെയും ചൊല്ലി കലഹിക്കുകയാണ്,” അബ്രാം പറഞ്ഞു. “ഇവിടെ ഭൂമിക്ക് നമ്മുടെ രണ്ടുപേരുടെയും ആട്ടിൻകൂട്ടങ്ങളെ താങ്ങാനാകില്ല. നമുക്ക് തമ്മിൽ വഴക്ക് വേണ്ട. നമുക്ക് പിരിയാനുള്ള സമയമായി.”

ലോത്ത് തലയാട്ടി. അവന്റെ അമ്മാവൻ പറഞ്ഞത് ശരിയായിരുന്നവെന്ന് അവനറിയാമായിരുന്നു. ദൈവം അവന് വാഗ്ദത്തം ചെയ്ത ഗ്രാമപ്രദേശം അവൻ നോക്കി. “നിനക്ക് ജീവിക്കാൻ ഇഷ്ടമുള്ള ഇടം നീ തിരഞ്ഞെടുക്കുക. നീ ഇടത്തേക്ക് പോയാൽ, ഞാൻ വലത്തേക്ക് പോകും. നീ വലത്തേക്ക് പോയാൽ, ഞാൻ ഇടത്തേക്ക് പോകും.”

ലോത്ത് ദേശത്തിന് കുറുകെ നോക്കി. ഇടതു ഭാഗത്തായി അവൻ നല്ല മേച്ചിൽ പുറങ്ങൾ കണ്ടു. അത് ജീവിക്കാൻ പറ്റിയ ഒരു സ്ഥലമായിരിക്കും. എന്നാൽ വലതുഭാഗത്ത് മേച്ചിൽപുറങ്ങളിൽ മെച്ചപ്പെട്ട പുല്ലുണ്ടായിരുന്നു. കൂടാതെ നദി ഇഷ്ടംപോലെ വെള്ളവും നൽകും. അത് ജീവിക്കാൻ വളരെ നല്ല ഒരു സ്ഥലമായിരിക്കും!

"ഞാൻ വലത്തേക്ക് പോകാം" ലോത്ത് പറഞ്ഞു "സമ്മതിച്ചു" അബ്രാം പറഞ്ഞു "ഞാൻ ഇടത്തേക്ക് പോകാം." അബ്രാം തിരിച്ച് ലോത്തിനെ കൂടാരത്തിലാക്കിയിട്ട് ഭവനത്തിലേക്ക് നടന്നു."

"സാറായി" അവൻ ഭാര്യയെ വിളിച്ചു, "നാം സാധനങ്ങൾ തയ്യാറാക്കണം. ഇടയന്മാർ തമ്മിലുള്ള കലഹ താമസിയാതെ അവസാനിക്കും. നാം പോകുകയാണ്."

## ചെയ്യുക പറയുക

**ശബത്ത്**

ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ 1-ാം നമ്പർ ഈയാഴ്ചയിൽ കുട്ടി ഒന്നാമതാക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിക്ക് കൊടുക്കാൻ കുട്ടിയെ സഹായിക്കുക. (അല്ലെങ്കിൽ പേപ്പറുകൊണ്ട് ഒരു വലിയ 1-ാം നമ്പർ ഉണ്ടാക്കുക. ഈയാഴ്ചയിൽ കുട്ടി ഒന്നാമതാക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ പേര് കൂട്ടിച്ചേർക്കുക, കൂടാതെ അത് അലങ്കരിക്കുവാൻ സഹായിക്കുക). എപ്പോഴും മറ്റുള്ളവർക്ക് മുൻഗണന കൊടുക്കാൻ കുട്ടിയെ സഹായിക്കുവാൻ ദൈവത്തോട് ചോദിക്കുക. ശബ്ബത്ത്സ്കൂളിൽ പഠിച്ച ആംഗ്യങ്ങൾ ഉപയോഗിച്ച് മനഃപാഠവാക്യം ആവർത്തിക്കുക. (പുറം 62 കാണുക).

**ഞായർ**

ഉല്പത്തി 13:2, 5-11-ൽ നിന്ന് പാഠഭാഗം ഒരുമിച്ച് വായിക്കുക. ചോദിക്കുക: എങ്ങനെയാണ് അബ്രാം ലോത്തിനെ ആദ്യം അനുവദിച്ചത്? ലോത്തിനെ ആദ്യം തിരഞ്ഞെടുക്കുവാൻ അനുവദിച്ചതിൽ അബ്രാമിന് എങ്ങനെ തോന്നിക്കാണും? അവന്റെ അമ്മാവൻ ആദ്യം തിരഞ്ഞെടുക്കുവാൻ അനുവദിച്ചപ്പോൾ ലോത്തിന് എങ്ങനെ തോന്നിക്കാണും? നിങ്ങൾക്ക് എങ്ങനെയാണ് അബ്രാമിനെപ്പോലെ ആകുവാൻ കഴിയുക? സ്നേഹമുള്ള കുടുംബങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**തിങ്കൾ**

ഒരു പേപ്പർ പ്ലേറ്റ് കൊണ്ട് ഒരു ചെമ്മരിയാടിന്റെ മുഖംമൂടി ഉണ്ടാക്കുക. കണ്ണുകൾ വെട്ടിയുണ്ടാക്കുക, ചെവികൾ, വായ് കൂടാതെ പഞ്ഞിപ്പന്തുകൾ എന്നിവ കൂട്ടിച്ചേർക്കുക. നിങ്ങൾ ചെമ്മരിയാടുകളെക്കുറിച്ച് ഒരു പാട്ട് പാടുമ്പോൾ കുട്ടി ആ മുഖംമൂടി ഉയർത്തിപിടിക്കട്ടെ. മൃഗങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**ചൊവ്വ**

ഒരുമിച്ച് നടക്കാൻ പോകുക. ഇടത്തിനെയും വലത്തിനെയും കുറിച്ച് പറയുക. ഓരോ ദിശയിലേക്കും ചൂണ്ടാൻ കുട്ടിയെ സഹായിക്കുക, പിന്നീട് ഏത് ദിശയിലേക്ക് നടക്കണമെന്ന് തീരുമാനിക്കുക. ചില ഇടത് / വലത് നിർദ്ദേശങ്ങൾ കൊടുക്കുക (വലതുകരം ഉയർത്തിപിടിക്കുക, കാൽ ആഞ്ഞു

ചവിട്ടുക, വലതു കണ്ണിൽ സ്പർശിക്കുക മുതലാവയവ) ഓർക്കുക ലോത്ത് വലത്തേക്ക് പോയി അബ്രാം ഇടത്തേക്കും.

**ബുധൻ**

"ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് രഹസ്യമായി മറ്റൊരാളെ ആദ്യം തിരഞ്ഞെടുക്കുന്നതിന് ആസ്വദിച്ചുകൊണ്ട് പറയുവാൻ കുട്ടിയെ സഹായിക്കുക. അത് കളിക്കാൻ ഒരു കളി ആയിരിക്കുമോ? വായിക്കാൻ ഒരു പുസ്തകമോ? സ്നേഹമുള്ളവരായിരിക്കുമ്പോൾ നാം അബ്രാമിനെയും യേശുവിനെയും പോലെയാണ്.

**വ്യാഴം**

പങ്കിടുന്നത് പരിശീലിക്കാൻ ഒരവസരം ഉണ്ടാക്കിക്കൊടുക്കുക. നിങ്ങളുടെ കുട്ടി ഒരു സുഹൃത്തിനെ കളിക്കാൻ ക്ഷണിക്കുകയോ അല്ലെങ്കിൽ ആരെങ്കിലുമായി പങ്കുവെക്കാൻ ഒരു പ്രത്യേക സൽക്കാരം ഒരുക്കുക. ഒരു പങ്കുവെക്കൽ പാട്ട് പാടുക, പിന്നീട് മറ്റുള്ളവരുമായി പങ്കുവെക്കാൻ നിങ്ങൾക്ക് എന്തെങ്കിലും ഉള്ളതിൽ ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

**കുടുംബപ്രാർത്ഥന സമയത്ത്** അബ്രാമിന്റെയും ലോത്തിന്റെയും ചരിത്രം പറയുവാൻ നിങ്ങളുടെ കുട്ടിയോട് ആവശ്യപ്പെടുക. ഒരു സൽക്കാരം (പല അളവിൽ) ഒരുക്കി മറ്റുള്ളവർക്ക് ആദ്യ അവസരം നൽകാൻ കുട്ടി ശ്രമിക്കട്ടെ. പങ്കുവെക്കലിന്റെ ഒരു പാട്ട് പാടുക, നിങ്ങളുടെ കുടുംബം എപ്പോഴും മറ്റുള്ളവർക്ക് മുൻഗണന കൊടുക്കാനായി പ്രാർത്ഥിക്കുക.